# കേരള സർവകലാശാല

നം. പി.ആർ.020/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കോൺവക്കേഷൻ നടത്തി

കേരള സർവകലാശാല അറബിക് വിഭാഗം നടത്തിയ കമ്മ്യൂണിക്കേറ്റീവ് അറബികിന്റെ പ്രഥമ ബാച്ചിന്റെ കോൺവക്കേഷൻ കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. കെ മുഹമ്മദ് ബഷീർ ഉദ്ഘാടനം നടത്തി. തൊഴിൽ രംഗത്തെ അറബികിന്റെ അന്താരാഷ്ട്ര സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന രംഗത്ത് അറബി വിഭാഗം മാതൃക സൃഷ്ടിച്ചിരിക്കുകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സൗദിയിലെ തബൂക്ക് യൂണിവേഴ്സിറ്റി അറബി ഭാഷാ ശാസ്ത്ര വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. മനാൽ നജ്ജാർ കുട്ടികളുമായി ആശയവിനിമയം നടത്തി. അഷ്റഫ് കടയ്ക്കൽ, ഡോ. താജുദ്ദീൻ മന്നാനി, ഡോ. മുഹമ്മദ് ഷാഫി, ക്യാമ്പസ് അഡ്മിനിസ്ട്രേഷൻ ജോയിന്റ് രജിസ്ട്രാർ ദിലീപ്, യൂണിവേഴ്സിറ്റി എഞ്ചിനിയർ ശോഭ എന്നിവർ പങ്കെടുത്തു.

## തീയതി നീട്ടി

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വകുപ്പ് നടത്തിയ എം.എ ഹിന്ദി കോഴ്സിന്റെ 2017-ലെ സപ്ലിമെന്ററി പരീക്ഷ എഴുതിയ പ്രീവിയസ് ഇയർ വിദ്യാർത്ഥികൾക്ക് പുനർമൂല്യനിർണയത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി ഫെബ്രുവരി അഞ്ച് വരെ നീട്ടി.

## മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റേണ്ടതാണ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2017 ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ എം.എ പൊളിറ്റിക്കൽ സയൻസ്, ഹിസ്റ്ററി, സപ്ലിമെന്ററി പരീക്ഷയുടെ മാർക്ക് ലിസ്റ്റുകൾ എസ്.ഡി.ഇയുടെ(പാളയം) ഓഫീസിൽ നിന്നും ജനുവരി 25 മുതൽ ഹാൾടിക്കറ്റുമായി വന്ന് കൈപ്പറ്റേണ്ടതാണ്.

## മൂല്യനിർണ്ണയം 31 വരെ നീട്ടി

കേരള സർവകലാശാല 2017 ജൂൺ/ജൂലൈയിൽ നടത്തിയ നാല്, രണ്ട് സെമസ്റ്ററുകളുടെയും 2017 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്ററിന്റേയും (ബി.എ/ബി.എസ്.സി/ബി.കോം-സി.ബി.സി.എസ് - കരിയർ റിലേറ്റഡ് കോഴ്സുകൾ) ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ ആർട്ട്സ് സയൻസ് കോളേജുകളിലേയും, യു.ഐ.ടി കേന്ദ്രങ്ങളിലെയും റഗുലർ ക്ലാസുകൾ ജനുവരി 25 വരെ റദ്ദ് ചെയ്തിരുന്നത് ജനുവരി 31 വരെ ദീർഘിപ്പിച്ചിരിക്കുന്നു. എല്ലാ അധ്യാപകരും ജനുവരി 31 വരെ മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ തുടരേണ്ടതാണ്.

തിരുവനന്തപുരം.
24.01.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

**സെക്ഷൻ ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**